**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 265** **10-06-2024 - ൽ മറുപടിയ്ക്ക്**

**കോവിഡാനന്തര ജീവിതശൈലി രോഗങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മഹാമാരിക്കുശേഷം സംസ്ഥാനത്തെ ആരോഗ്യ മേഖലയെക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കോവിഡ് മഹാമാരിക്കുശേഷം സംസ്ഥാനത്തെ ജനങ്ങളിൽ ആകസ്മികമരണം ഉൾപ്പെടെ നിരവധി ആരോഗ്യ പ്രശ്നങ്ങൾ വർദ്ധിച്ചുവരുന്നുവെന്ന ആശങ്ക വ്യാപകമായി നിലനിൽക്കുന്നുണ്ട്. എന്നാൽ ഈ രോഗങ്ങളും, രോഗങ്ങളെ തുടർന്നുള്ള മരണങ്ങളും കോവിഡ് മഹാമാരിയുടെ അനന്തര ഫലമായി ഉണ്ടാകുന്നതാണെന്ന് വെളിവാകുന്ന ശാസ്ത്രീയമായ തെളിവുകൾ ഒന്നും തന്നെ ലഭ്യമല്ലാത്തതിനാൽ ഇത് സംബന്ധിച്ച് പഠനങ്ങളൊന്നും ആരോഗ്യവകുപ്പിന് കീഴിൽ നടത്തുന്നതിന് തീരുമാനമെടുത്തിട്ടില്ല. എന്നാൽ ഇതു സംബന്ധിച്ച് ദേശീയവും അന്തർ ദേശീയവുമായി ലഭ്യമായ വിദഗ്ദ്ധാഭിപ്രായങ്ങൾ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനും ചികിത്സാ പ്രോട്ടോക്കോൾ തയ്യാറാക്കുന്നതിനും പ്രയോജനപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | കോവിഡ് മഹാമാരിക്കുശേഷം ജീവിതശൈലി രോഗങ്ങളും രക്തസമ്മർദ്ദത്തെ തുടർന്നുള്ള ആകസ്മിക മരണനിരക്കും വർദ്ധിക്കുന്നതായി പറയപ്പെടുന്നതിൽ വസ്തുതയുണ്ടോ; ഇത് സംബന്ധിച്ച് പഠനം നടത്താൻ സർക്കാർ തയ്യാറാവുമോ? | (ബി) | കോവിഡ് മഹാമാരിക്കുശേഷം ജീവിതശൈലി രോഗങ്ങളായ രക്താതിമർദ്ദം, പ്രമേഹം, ഹൃദ്രോഗം, വൃക്കരോഗം, കരൾരോഗം തുടങ്ങിയ രോഗങ്ങൾ വർദ്ധിക്കുന്നതായും ചെറുപ്പക്കാരിൽ പോലും ആകസ്മിക മരണം വർദ്ധിക്കുന്നുവെന്ന ആശങ്കകൾ വ്യാപകമായി നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഈവിധ രോഗങ്ങൾ കോവിഡിന്റെ അനന്തര ഫലമായി ഉണ്ടാകുന്നതാണെന്ന് തെളിയിക്കുന്ന ശാസ്ത്രീയ തെളിവുകളൊന്നും ലഭിച്ചിട്ടില്ല. കൂടാതെ കോവിഡ് മഹാമാരിക്കുശേഷം രോഗങ്ങളെക്കുറിച്ചുള്ള ആരോഗ്യ പര്യവേഷണം ഊർജ്ജിതമായതും ജനങ്ങളിൽ ആരോഗ്യ അവബോധം വർദ്ധിച്ചതും ഇത്തരം രോഗങ്ങൾ കൂടുതലായി കണ്ടുപിടിക്കുന്നതിനും കാരണമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ